**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5105** **11-08-2021 - ല്‍ മറുപടിയ്ക്ക്**

**ഇന്‍ഫര്‍മേഷന്‍ കേരള മിഷന്‍ സോഫ്റ്റ് വയര്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോന്‍സ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇന്‍ഫര്‍മേഷന്‍ കേരള മിഷന്‍ തിരുവനന്തപുരം നഗരസഭയില്‍ മറ്റ് നഗരസഭകളില്‍ നിന്നും വ്യത്യസ്തമായി ഏതുരീതിയിലാണ് തൊഴില്‍ നികുതി പിരിക്കുന്നതിനു വേണ്ടിയുള്ള സോഫ്റ്റ്വെയറില്‍ ഡെവലപ്പ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | മറ്റ് നഗരസഭകളില്‍ നിന്ന് വ്യത്യസ്തമായി ഇന്‍ഫര്‍മേഷന്‍ കേരള മിഷന്‍ തിരുവനന്തപുരം നഗരസഭയ്ക്ക് വേണ്ടി മാത്രം തൊഴില്‍ നികുതി പിരിക്കുന്നതിനായി ഒരു സോഫ്റ്റ് വെയര്‍ ഡെവലപ് ചെയ്തിട്ടില്ല. നിലവില്‍ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയര്‍ എല്ലാ നഗരസഭകളിലും ഒരുപോലെ ഉപയോഗിക്കാന്‍ കഴിയുന്നതാണ്. |
| (ബി) | ഐ.കെ.എം. തിരുവനന്തപുരം നഗരസഭയുടെ തൊഴില്‍ നികുതി രജിസ്റ്റര്‍ കമ്പ്യൂട്ടര്‍വല്‍ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ; | (ബി) | 2015-2016 വരെയുള്ള കാലയളവിലെ തൊഴില്‍ സ്ഥാപനങ്ങളുടെ വിവരങ്ങള്‍ കമ്പ്യൂട്ടര്‍വത്ക്കരിച്ചിട്ടുണ്ടായിരുന്നു . 2017-2018 ല്‍ സോഫ്റ്റ് വെയര്‍ വെബ് ആപ്ലിക്കേഷന്‍ ആക്കുകയും ആ വര്‍ഷത്തെ വിവരങ്ങള്‍ ഈ ആപ്ലിക്കേഷനില്‍ രേഖപ്പെടുത്തുകയും ചെയ്തു. എന്നാല്‍ തൊഴില്‍നികുതി അടച്ചുകഴിഞ്ഞാല്‍ സ്വയംപ്രേരിതമായി പോസ്റ്റിംഗ് നടക്കുന്നതിനായുള്ള മാറ്റങ്ങള്‍ വരുത്തുവാന്‍ സാധിച്ചില്ല. ആയതിനാല്‍ അതിനുശേഷമുള്ള വിവരങ്ങള്‍ കാലികമാക്കുന്ന പ്രവര്‍ത്തനങ്ങള്‍ നിര്‍ത്തിവയ്ക്കുകയും ചെയ്തു. നിലവില്‍ തൊഴില്‍ നികുതി അടച്ചുകഴിഞ്ഞാല്‍ സ്വയംപ്രേരിതമായി പോസ്റ്റിംഗ് നടക്കുന്ന രീതിയില്‍ സോഫ്റ്റ് വെയറില്‍ മാറ്റം വരുത്തിയിട്ടുണ്ട്. ഈ സോഫ്റ്റ് വെയര്‍ ഉപയോഗിച്ച് തൊഴില്‍ സ്ഥാപനങ്ങളുടെ വിവരങ്ങള്‍ കമ്പ്യൂട്ടര്‍വത്ക്ക രിക്കാവുന്നതണ്. |
| (സി) | തൊഴില്‍ നികുതി രജിസ്റ്റര്‍ പൂര്‍ണ്ണമായും കമ്പ്യൂട്ടര്‍വല്‍ക്കരിക്കാത്തതിനാല്‍ പ്രസ്തുത നഗരസഭയിലെ തൊഴില്‍ സ്ഥാപനങ്ങളും ജീവനക്കാരും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതിന് പരിഹാരം കണ്ടെത്തുമോ? | (സി) | 2015-2016 വരെയുള്ള കാലയളവിലെ തൊഴില്‍ സ്ഥാപനങ്ങളുടെ വിവരങ്ങള്‍ കമ്പ്യൂട്ടര്‍വത്ക്കരിച്ചിട്ടുണ്ടായിരുന്നു . 2017-2018 ല്‍ സോഫ്റ്റ് വെയര്‍ വെബ് ആപ്ലിക്കേഷന്‍ ആക്കുകയും ആ വര്‍ഷത്തെ വിവരങ്ങള്‍ ഈ ആപ്ലിക്കേഷനില്‍ രേഖപ്പെടുത്തുകയും ചെയ്തു. എന്നാല്‍ തൊഴില്‍നികുതി അടച്ചുകഴിഞ്ഞാല്‍ സ്വയംപ്രേരിതമായി പോസ്റ്റിംഗ് നടക്കുന്നതിനായുള്ള മാറ്റങ്ങള്‍ വരുത്തുവാന്‍ |

| | | | |
|---|---|---|---|
| | | | സാധിച്ചില്ല. ആയതിനാൽ അതിനുശേഷമുള്ള വിവരങ്ങൾ കാലികമാക്കുന്ന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തു. നിലവിൽ തൊഴിൽ നികുതി അടച്ചുകഴിഞ്ഞാൽ സ്വയംപ്രേരിതമായി പോസ്റ്റിംഗ് നടക്കുന്ന രീതിയിൽ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് തൊഴിൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടർവത്ക്ക രിക്കാവുന്നതണ്. |

സെക്ഷൻ ഓഫീസർ